(ഡി) കെ.എസ്.ആർ.ടി.സി.യിൽ വിദ്യാഭ്യാസ യോഗ്യതയ്ക്കനുസൃത മായല്ല പ്രൊമോഷൻ നൽകുന്നത്. ഇന്നത്തെ മോശമായ സാമ്പത്തിക സ്ഥിതി മൂലം പുതിയ ബാദ്ധ്യതകൾ ഏറ്റെടുക്കുന്നത് നിർവ്വാഹമില്ല.

(ഇ) 6:1 എന്ന റേഷ്യോയിൽ

(എഫ്) ഇല്ല. ടൈപ്പിസ്റ്റു വിഭാഗത്തിൽ സൂപ്പർവൈസറി തസ്തിക യാണ് ഫെയർകോപ്പി സൂപ്രണ്ട്, ടൈപ്പിംഗ് ജോലി ചെയ്യുന്ന ഇവരെക്കൂടി ഉൾപ്പെടുത്തി സീനിയർ ഗ്രേഡ് നൽകുവാൻ കഴിയുന്നതല്ല.

(ജി) 5500-11700 എന്ന ശമ്പള സ്കെയിലിൽപ്പെടുന്ന സൂപ്പർവൈസറി വിഭാഗമായിത്തന്നെയാണ് ഇവരെ കണക്കാക്കുന്നത്.

(എച്ച്) നിലവിലുള്ള നിയമപ്രകാരം ഇപ്രകാരമുള്ള സീനിയർ ഗ്രേഡ് പ്രൊമോഷൻ അനുവദനീയമല്ല.

ഗതാഗതരംഗത്തെ പരിഷ്ക്കാരം

105 (459) ശ്രീ. പി.പി. സുലൈമാൻ റാവുത്തർ : താഴെക്കാണുന്ന ചോദ്യ ങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഗതാഗതരംഗം പരിഷ്ക്കരിക്കാനും കാലോചി തമാക്കുവാനും ജനസംഖ്യാവർദ്ധനവിനനുരോധ്യമായി വികസിപ്പിക്കാനുമുത കുന്ന എന്തെങ്കിലും പദ്ധതികൾ സംസ്ഥാന സർക്കാർ ആവിഷ്കരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദവിവരം വ്യക്തമാക്കുമോ;

(ബി) പരമ്പരാഗത ഗതാഗത സംവിധാനത്തിനുപുറമെ മറ്റേതെങ്കിലും സംവിധാനം ഏർപ്പെടുത്തുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ?

ഉത്തരം

(എ) ഗതാഗതരംഗത്തെ കാലോചിതമാക്കുവാനും പരിഷ്ക്കരിക്കുന്ന തിനും വേണ്ടിയുള്ള നടപടികളുടെ ഭാഗമായി മോട്ടോർ വാഹന വകുപ്പ് കമ്പ്യൂട്ടർവത്ക്കരിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. പൊതു ജനങ്ങൾക്ക് സേവനങ്ങൾ ലഭിക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കുന്ന തിന് കമ്പ്യൂട്ടർവത്ക്കരണം സഹായിക്കും. നവീകരണ സംരംഭങ്ങളുടെ ഭാഗ മായി ഡ്രൈവിംഗ് ലൈസൻസുകളും രജിസ്ട്രേഷൻ ബുക്കുകളും ആധുനിക രീതി സാങ്കേതികവിദ്യ ഉപയോഗിച്ച് കാർഡുകളിലാക്കി നൽകുന്നതിനുവേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു. ജനസംഖ്യാവർദ്ധനവിന് ആനുപാതികമായി കൂടുതൽ ഓഫീസുകൾ തുറന്ന് കഴിയുന്നത്ര സേവനം ജനങ്ങൾക്ക് ലഭ്യമാ ക്കുവാൻ വകുപ്പ് ശ്രമിക്കുന്നുണ്ട്.

(ബി) ചില സംരംഭങ്ങൾ പരിഗണനയിലുണ്ട്.

മോട്ടോർ വാഹന വകുപ്പിന്റെ പ്രവർത്തനം

106 (460) ശ്രീ. തമ്പാനൂർ രവി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മോട്ടോർ വാഹന വകുപ്പിന്റെ പ്രവർത്തനം സർക്കാർ വിലയിരുത്തിയിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇതിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനായി സർക്കാർ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) ഈ വകുപ്പിൽ ആവശ്യത്തിന് ജീവനക്കാരില്ലാത്തതുമൂലം വാഹന അപകടങ്ങൾ വർദ്ധിച്ചുവരുന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) സംസ്ഥാനത്ത് വാഹന അപകടങ്ങൾ നിയന്ത്രിക്കുവാൻ മോട്ടോർ വാഹന വകുപ്പിന്റെ ആവശ്യത്തിന് ജീവനക്കാരെ നിയമിക്കണമെന്ന് കേരള ഹൈക്കോടതി സർക്കാരിന് നിർദ്ദേശം നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ഇ) ഈ നിർദ്ദേശത്തിന്മേൽ ഗവൺമെന്റ് എന്തൊക്കെ നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(എഫ്) മോട്ടോർ വാഹന വകുപ്പിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനെക്കുറിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് ആരെയെങ്കിലും നിയമിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ജി) പ്രസ്തുത റിപ്പോർട്ട് സർക്കാരിന് ലഭിച്ചിട്ടുണ്ടോ;

(എച്ച്) ഇതുസംബന്ധിച്ച് വിശദാംശവും റിപ്പോർട്ടിന്മേൽ സർക്കാർ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്ന നടപടിയും വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) മോട്ടോർ വാഹന വകുപ്പ് കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി കമ്പ്യൂട്ടർവൽക്കരണം ഉൾപ്പെടെയുള്ള വിവിധ നടപടികൾ സർക്കാർ കൈക്കൊണ്ടുവരികയാണ്.

(സി) വാഹനാപകടങ്ങൾ വർദ്ധിച്ചുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത് ജീവനക്കാരുടെ അപര്യാപ്തത കൊണ്ടു മാത്രമുണ്ടാകുന്നതല്ല.

(ഡി) ശ്രീ. അസ്സനാർ കുഞ്ഞ് ഫയൽ ചെയ്ത 1034/2000-ാം നമ്പർ ഒ.പി.യിൽ ഹൈക്കോടതി പുറപ്പെടുവിച്ച വിധിന്യായത്തിൽ ചടയമംഗലം ബസ്സ് അപകടത്തെക്കുറിച്ച് അന്വേഷിച്ച ട്രാൻസ്പോർട്ട് കമ്മീഷണറുടെ റിപ്പോർട്ടിന്മേലും ഉദ്യോഗസ്ഥ ഭരണപരിഷ്ക്കാര വകുപ്പിന്റെ പ്രവർത്തന പഠന റിപ്പോർട്ടിന്മേലും ആവശ്യമായ നടപടികൾ കൈക്കൊള്ളണമെന്ന് നിർദ്ദേശമുണ്ട്.

(ഇ) സർക്കാർ സ്വീകരിച്ച നടപടികൾ താഴെ കൊടുക്കുന്നു.

1. ബസ്സ് അപകടത്തെ സംബന്ധിച്ചുള്ള റിപ്പോർട്ടിന്മേൽ മോട്ടോർ വാഹന വകുപ്പിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങളെപറ്റി പരിശോധിച്ചു റിപ്പോർട്ട് നൽകുവാൻ ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായുള്ള സമിതി രൂപീകരിച്ചിട്ടുണ്ട്. സമിതി ആവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നു.

2. റോഡപകടങ്ങൾ കുറയ്ക്കുന്നതിനെക്കുറിച്ച് പഠിക്കാൻ നിയുക്തമായ ഉന്നതാധികാര സമിതിയുടെ ശുപാർശകൾക്കനുസൃതമായി പുതുക്കിയ നടപടിക്രമങ്ങൾ കർശനമായി പാലിക്കുവാൻ ബന്ധപ്പെട്ട എല്ലാവർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

3. പഠനറിപ്പോർട്ടിലെ ശുപാർശയുടെ അടിസ്ഥാനത്തിൽ എൽ. ഡി.സി., എ.എം.വി.ഐ., എം.വി.ഐ. എന്നീ വിഭാഗങ്ങളിൽ 19 വീതം തസ്തികകൾ സൃഷ്ടിച്ചു.

4. ചെലവു ചുരുക്കൽ ഉത്തരവുകളിൽ അയവ് വരുത്തിക്കൊണ്ട് 21 ഡ്രൈവർ തസ്തികകൾ സൃഷ്ടിച്ചു.

(എഫ്)ഉണ്ട്. ഉദ്യോഗസ്ഥ ഭരണപരിഷ്ക്കാര വകുപ്പ് പഠനം നടത്തി സമർപ്പിച്ച റിപ്പോർട്ടിൽ പുതിയ ഓഫീസുകൾ തുറക്കുക, കൂടുതൽ ജീവനക്കാരെ നിയമിക്കുക, നികുതി പിരിവ് ഊർജ്ജിതപ്പെടുത്തുക തുടങ്ങിയ കാര്യങ്ങളിൽ നിർദ്ദേശങ്ങളുണ്ട്.

(ജി) ഉണ്ട്.

(എച്ച്) പുതുതായി ആർ.ടി.ഓഫീസുകൾ സ്ഥാപിക്കുക, ആവശ്യത്തിന് ജീവനക്കാരെ നിയമിക്കുക, നികുതി പിരിവ് ഊർജ്ജിതപ്പെടുത്തുന്നതിനുള്ള നടപടികൾ കൈക്കൊള്ളുക, വകുപ്പ് നവീകരിക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളുക തുടങ്ങിയവയാണ് റിപ്പോർട്ടിലെ പ്രധാന നിർദ്ദേശങ്ങളിൽ ചിലത്. റിപ്പോർട്ട് സർക്കാരിന്റെ പരിഗണനയിലാണ്.

കൊയിലാണ്ടിയിൽ ജോയിന്റ് ആർ.ടി.ഒ. ഓഫീസ്

107 (461) ശ്രീ. പി. വിശ്വൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊയിലാണ്ടി താലൂക്കാസ്ഥാനമായ കൊയിലാണ്ടിയിൽ ജോയിന്റ് ആർ.ടി.ഒ. ഓഫീസ് ആരംഭിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

ഉത്തരം

(എ,ബി) കൊയിലാണ്ടി ആസ്ഥാനമാക്കി പുതുതായി ജോയിന്റ് ആർ.ടി.ഓഫീസ് സ്ഥാപിക്കുന്നതു സംബന്ധിച്ച് ഒരു തീരുമാനവും സർക്കാർ ഇതുവരെ കൈക്കൊണ്ടിട്ടില്ല.

മലബാർ ദേവസ്വംബോർഡ്

108 (463) ശ്രീ. പി. വിശ്വൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലബാർ ദേവസ്വംബോർഡ് രൂപീകരിക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ,ബി) ഉണ്ട്. ഇതുസംബന്ധിച്ച് ഒരു ബിൽ 1997 ഡിസംബർ 23-നു നിയമസഭയിൽ അവതരിപ്പിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly